പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3951          21. 06. 2019 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി.യിൽ കായികതാരങ്ങളുടെ നിയമനം

ചോദ്യം

ശ്രീ.പി.സി.ജോർജ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി-യിൽ പുതിയതായി എത്ര കായിക താരങ്ങളെ 2016-ന ശേഷം ജോലിക്ക് എടുത്തിട്ടുണ്ട്;ഏതൊക്കെ ഇനങ്ങളിൽ എന്ന് വിശദമാക്കാമോ; | (എ) കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ 2016-ന ശേഷം താഴെപ്പറയുന്ന കായിക ഇനങ്ങളിൽ 28 പേർക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകിയിട്ടുണ്ട്.<br><br>(1) ബാസ്കറ്റ് ബോൾ (പുരുഷന്മാർ) - 5<br>(2) ബാസ്കറ്റ് ബോൾ (വനിതകൾ) - 4<br>(3) വോളിബോൾ (പുരുഷന്മാർ) - 5<br>(4) വോളിബോൾ (വനിതകൾ) - 5<br>(5) ഫുട്ബോൾ (പുരുഷന്മാർ) - 7<br>(6) ടെന്നീസ് (പുരുഷന്മാർ) - 1<br>(7) ബാഡ്മിന്റൺ - ഷട്ടിൽ (പുരുഷന്മാർ) - 1<br>**ആകെ** **28**<br>==== |
| (ബി) 2016 നശേഷം കെ.എസ്.ഇ.ബി. കായിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ; | (ബി) 2016-ന ശേഷം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് കായികരംഗത്ത് കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>വോളിബോൾ (വനിതാ വിഭാഗം)</u>**<br><br>(1) 2017-ലെ ബ്രിക്സ് ഗെയിംസിൽ രണ്ടു പേർ ഇന്ത്യയെ പ്രതിനിധീകരിച്ചു<br>(2) 2018-ലെ ഏഷ്യൻ ഗെയിംസിൽ അഞ്ചുപേർ ഇന്ത്യയെ പ്രതിനിധീകരിച്ചു<br>(3) 2018 ലെ ബ്രിക്സ് ഗെയിംസിൽ രണ്ടു പേർ ഇന്ത്യയെ പ്രതിനിധീകരിച്ചു<br>(4) 2018 ലെ ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ സംസ്ഥാന ടീമിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ ഏഴു പേർ അംഗങ്ങളായിരുന്നു.<br>(5) 2019-ൽ നടന്ന ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ കേരള ടീമിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ ഒമ്പതുപേർ |

അംഗങ്ങളായിരുന്നു.

(6) 2017-ൽ മൂന്നു അഖിലേന്ത്യാ ടൂർണമെന്റുകളിലും, മൂന്ന് അഖില കേരള ടൂർണമെന്റുകളിലും ജേതാക്കളായി.

(7) 2019-ൽ രണ്ടു അഖിലേന്ത്യാ ടൂർണമെന്റുകളിലും, ഒരു അഖില കേരള ടൂർണമെന്റിലും ജേതാക്കളായി.

**വോളിബോൾ (പുരുഷവിഭാഗം)**

(1) 2017-ൽ ഒരു അഖില കേരള ടൂർണമെന്റിൽ ജേതാക്കളായി

(2) 2018-ൽ എട്ട് അഖില കേരള ടൂർണമെന്റുകളിൽ ജേതാക്കളായി. രണ്ട് അഖിലേന്ത്യ ടൂർണമെന്റുകളിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി

(3) 2018 ലും, 2019-ലും നടന്ന അഖിലേന്ത്യ ഇലക്ട്രിസിറ്റി ബോർഡ് ടൂർണമെന്റിൽ ജേതാക്കളായി.

(4) 2019-ൽ മൂന്ന് അഖില കേരള ടൂർണമെന്റുകളിൽ ജേതാക്കളായി. ഒരു അഖിലേന്ത്യാ ടൂർണമെന്റിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

(5) 2018-ൽ നടന്ന ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ സംസ്ഥാന ടീമിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ രണ്ടു പേർ അംഗങ്ങളായിരുന്നു.

(6) 2019-ൽ നടന്ന ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ മൂന്ന് പേർ സംസ്ഥാന ടീമിനെ പ്രതിനിധീകരിച്ചു

**ബാസ്കറ്റ് ബോൾ (വനിതാ വിഭാഗം)**

(1) 2017-ൽ മംഗോളിയയിൽ നടന്ന 3x3 ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ രണ്ടു പേർ ഇന്ത്യയെ പ്രതിനിധീകരിച്ചു

(2) 2017-ൽ ബംഗളൂരുവിൽ നടന്ന ഏഷ്യൻ ബി ഡിവിഷൻ ലീഗ് ജേതാക്കളായി ഇന്ത്യൻ ടീമിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ മൂന്നു പേർ അംഗങ്ങളായിരുന്നു.

(3) 2017-ൽ പുതുച്ചേരിയിൽ നടന്ന ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ സംസ്ഥാന ടീമിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ അഞ്ചുപേർ അംഗങ്ങളായിരുന്നു.

(4) 2018-ൽ ആസ്ട്രേലിയയിൽ നടന്ന കോമൺവെൽത്ത് ഗെയിംസിൽ മൂന്നു പേർ ഇന്ത്യൻ ടീമിനെ പ്രതിനിധീകരിച്ചു

(5) 2018-ൽ ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ സംസ്ഥാന ടീമിൽ ആറുപേരും, 2019-ൽ നടന്ന ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ സംസ്ഥാന ടീമിൽ എട്ടുപേരും അംഗങ്ങളായിരുന്നു.

(6) 2017-ൽ തിരുനെൽവേലിയിൽ നടന്ന അഖിലേന്ത്യാ

| | |
|---|---|
| | ടൂർണമെന്റിലും, ആലപ്പുഴയിൽ നടന്ന ദക്ഷിണേന്ത്യാ ടൂർണമെന്റിലും ജേതാക്കളായി.<br>(7) 2018-ൽ ഒരു അഖിലേന്ത്യാ ടൂർണമെന്റിൽ ജേതാക്കളായി.<br>(8) 2019-ൽ ഒരു അഖിലേന്ത്യ ടൂർണമെന്റിൽ ജേതാക്കളാവുകയും, രണ്ട് അഖിലേന്ത്യ ടൂർണമെന്റുകളിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.<br><br>**<u>ബാസ്കറ്റ് ബോൾ (പുരുഷവിഭാഗം)</u>**<br><br>(1) 2017-ൽ തിരുവനന്തപുരം ജില്ലാ ലീഗ് ജേതാക്കളാവുകയും, ഒരു അഖില കേരള ടൂർണമെന്റിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു<br>(2) 2018-ൽ രണ്ട് അഖില കേരള ടൂർണമെന്റുകളിൽ ജേതാക്കളായി.<br>3) 2018 ൽ അഖിലേന്ത്യാ ഇലക്ട്രിസിറ്റി ബോർഡ് ടൂർണമെന്റിൽ ജേതാക്കളായി.<br>4) 2018 ൽ ടീമിലെ അഞ്ചുപേർ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തു.<br>5) 2019 ൽ ടീമിലെ മൂന്നുപേർ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തു.<br><br>**<u>ഫുട്ബോൾ (പുരുഷ വിഭാഗം)</u>**<br>1. 2017-ൽ നടന്ന കേരള പ്രീമിയർ ലീഗിൽ ജേതാക്കളായി.<br>2. 2018-ൽ രണ്ട് അഖിലേന്ത്യാ ടൂർണമെന്റുകളിൽ ജേതാക്കളായി.<br>3. 2019-ൽ കേരള ലീഗ് ചാമ്പ്യൻ ഷിപ്പിൽ ജേതാക്കളായി.<br>4. 2018-ലെ ദേശീയ സീനിയർ ചാമ്പ്യൻ ഷിപ്പിൽ ജേതാക്കളായ കേരള ടീമിൽ ഒരാൾ അംഗമായിരുന്നു.<br>5. 2019-ൽ ടീമിലെ മൂന്നുപേർ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ സീനിയർ ചാമ്പ്യൻ ഷിപ്പിൽ പങ്കെടുത്തു.<br><br>**<u>ടെന്നീസ് (പുരുഷ വിഭാഗം)</u>**<br><br>1. 2018-ൽ ഒരു അഖിലേന്ത്യാ ടൂർണമെന്റിൽ ജേതാക്കളായി.<br>2. 2018-ൽ അഖിലേന്ത്യാ ഇലക്ട്രിസിറ്റി ബോർഡ് ടൂർണമെന്റിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.<br>3. 2018-ൽ രണ്ട് അന്തർദേശിയ സീനിയർ ടൂർണമെന്റുകളിൽ ജേതാക്കളാവുകയും, ഒരു ടൂർണമെന്റിൽ രണ്ടാം സ്ഥാനം |

കരസ്ഥമാക്കുകയും ചെയ്തു.

4. 2018-ലെ സംസ്ഥാന ചാമ്പ്യൻഷിപ്പിൽ ജേതാക്കളായി.
5. 2019-ൽ നടന്ന ഒരു അഖില കേരള ടൂർണമെന്റിൽ ജേതാക്കളായി
6. 2019-ലെ സംസ്ഥാന ചാമ്പ്യൻഷിപ്പിൽ ജേതാക്കളായി.

**<u>ബാഡ്മിന്റൺ - ഷട്ടിൽ (പുരുഷ വിഭാഗം)</u>**

1. 2017-ൽ നടന്ന മൂന്ന് അഖില കേരള ടൂർണമെന്റുകളിലും അഖിലേന്ത്യാ ഇലക്ട്രിസിറ്റി ബോർഡ് ടൂർണമെന്റിലും ജേതാക്കളായി.

2. 2018-ൽ നടന്ന ഒരു അഖിലേന്ത്യാ ടൂർണമെന്റിലും അഖിലേന്ത്യാ ഇലക്ട്രിസിറ്റി ബോർഡ് ടൂർണമെന്റിലും ജേതാക്കളായി.

3. 2018-ൽ നടന്ന മൂന്നു അഖില കേരള ടൂർണമെന്റുകളിൽ ജേതാക്കളാവുകയും, നാലു ടൂർണമെന്റുകളിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

4. 2019-ൽ നടന്ന ഒരു അഖില കേരള ടൂർണമെന്റിൽ ജേതാക്കളാവുകയും, ഒരു അഖിലേന്ത്യാ ടൂർണമെന്റിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

5. 2019-ൽ നടന്ന ദേശീയ ചാമ്പ്യൻഷിപ്പിൽ ടീമിലെ ഒരാൾ സംസ്ഥാനത്തെ പ്രതിനിധീകരിച്ചു.

(സി) പുതിയതായി കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിലേക്കായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സാധ്യതയുണ്ടോ; ഏതൊക്കെ കായിക ഇനങ്ങളിൽ എന്ന് വിശദമാക്കാമോ?

(സി) 2018 ലെ സ്പോർട്ട്സ് ക്വാട്ടയിൽ താഴെപ്പറയുന്ന കായിക ഇനങ്ങളിൽ പുതിയതായി കായികതാരങ്ങൾക്ക് നിയമനം നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരികയാണ്.

| | | |
|---|---|---|
| 1. | ബാസ്കറ്റ് ബോൾ (പുരുഷന്മാർ) | 2 |
| 2. | ബാസ്കറ്റ് ബോൾ (വനിതകൾ) | 1 |
| 3. | വോളി ബോൾ (വനിതകൾ) | 1 |
| 4. | ഫുട്ബോൾ (പുരുഷന്മാർ) | 3 |
| 5. | ബാഡ്മിന്റൺ - ഷട്ടിൽ (പുരുഷന്മാർ) | 1 |
| | ആകെ | 8 |

സെക്ഷൻ ഓഫീസർ